# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4762** 14.11.2019 ൽ മറുപടിക്ക്

## ദേശീയ പാത വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ എൻ.എച്ച്. 17 (പുതിയ എൻ.എച്ച്.16) ആറുവരിപാത നിർമ്മിക്കുന്നതിനായി ചെയിനേജ് 17.200 മുതൽ 104.00 വരെയുള്ള ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ; | (എ) | ദേശീയപാത വികസനത്തിനായി കാസർഗോഡ് ജില്ലയിൽ 99 ശതമാനം ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള 3 ഡി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| (ബി) | എത്ര സ്ഥലവും കെട്ടിടങ്ങളുമാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്വകാര്യ വ്യക്തികളിൽ നിന്നും 115.73 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്. |
| (സി) | ഈ പറഞ്ഞ ചെയിനേജിന് ഇടയിൽ ഭൂമിക്കും കെട്ടിടത്തിനും നൽകിയ നഷ്ടപരിഹാരം എത്രയാണെന്ന് വ്യക്തികൾ തിരിച്ച് അവരുടെ ഭൂമിയുടെ സർവ്വേ നമ്പരും വിസ്തീർണ്ണവും കെട്ടിടങ്ങളുടെ നമ്പരും വലുപ്പവും സഹിതം വ്യക്തമാക്കാമോ; | (സി) | നാളിതുവരെയായി എൻ.എച്ച്.എ.ഐ.ൽ നിന്നും 557.57 കോടി രൂപയാണ് നഷ്ടപരിഹാരമായി അനുവദിച്ചിട്ടുള്ളത്. ഇതിനോടകം 320.36 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. വ്യക്തിഗത വിലനിർണ്ണയം പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിലും ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാലും മേൽ വിവരങ്ങൾ ലഭ്യമല്ല. |
| (ഡി) | ഈ ചെയിനേജിന് ഇടയിൽ ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (ഡി) | ഉണ്ട്. എൻ.എച്ച്.എ.ഐ യിൽ നിന്നും ഫണ്ട് ലഭിക്കുവാനുള്ള കാലതാമസവും വ്യക്തിഗത വിലനിർണ്ണയം പൂർത്തിയാകാത്തതുമാണ് കാരണം. |
| (ഇ) | കാസർകോട്, കാഞ്ഞങ്ങാട്, അടുക്കത്ത്ബയൽ എന്നീ മൂന്ന് വില്ലേജുകളിൽ നഷ്ടപരിഹാര വിതരണം മുടങ്ങിയെന്നത് ശരിയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്നും എപ്പോൾ വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ? | (ഇ) | ശരിയാണ്. കാസർകോട്, കാഞ്ഞങ്ങാട്, അടുക്കത്ത്ബയൽ വില്ലേജുകളിൽ അടുത്തിടെ അനുവദിച്ച നഷ്ടപരിഹാര വിതരണം എൻ.എച്ച്.എ.ഐ തടഞ്ഞുവെയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി വില്ലേജുകളിലെ ഭൂമിക്ക് വില നിർണ്ണയിച്ചത് കൂടുതലാണെന്ന നിഗമനത്തിലാണിത്. വിലനിർണ്ണയം എൻ.എച്ച്.എ.ഐ അംഗീകരിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ് |

സെക്ഷൻ ഓഫീസർ